ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിക്ക് 2100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡ് ആർ.ഐ.ഡി.എഫ്. 20-ൽ ഉൾപ്പെടുത്തി സമർപ്പിച്ചുവെങ്കിലും NABARD-ന്റെ അംഗീകാരം ലഭ്യമായില്ല.

(സി) തൃശ്ശൂർ ജില്ലയിൽ കനോലി കനാൽ പരിസരത്ത് വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ നിലവിലുള്ള പ്രദേശങ്ങളിലെല്ലാം ഈ പദ്ധതികളിൽനിന്നും ജലവിതരണം നടത്തിവരുന്നുണ്ട്. ഈ പരിസരത്ത് നടത്തിവരുന്ന പുതിയ പദ്ധതികളെല്ലാം അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ കനോലി കനാൽ ഉൾപ്പെടുന്ന പൊന്നാനി മുനിസിപ്പാലിറ്റിയിലെ മുഴുവൻ ജനങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനുതകുന്ന 62.14 കോടി രൂപയുടെ ഒരു സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കെ.എസ്.യു.ഡി.പി.-യിൽ സമർപ്പിച്ചിട്ടുണ്ട്.

കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ

210 (902) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ വരൾച്ചയെ നേരിടുന്നതിനും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളെ മലിനമാക്കുന്നത് തടയുന്നതിനും കുടിവെള്ള വിതരണത്തിനുള്ള ജലം ശുദ്ധമാണെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) കുളങ്ങൾ, കിണറുകൾ തുടങ്ങി ചെറിയ കുടിവെള്ള സ്രോതസ്സുകൾ വരൾച്ചയ്ക്ക് മുമ്പ് നവീകരിക്കുന്നതിന് ജില്ലാതലത്തിൽ പദ്ധതികളാവിഷ്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വേനൽക്കാല ജലശോഷണം കണക്കിലെടുത്ത് കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ അത് തരണം ചെയ്യുന്നതിനായി താഴെ പറയുന്ന നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു :

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം
2. കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ
3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ
4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക
5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ്ലൈനുകൾ നീട്ടുക
6. തകരാറിലായ പൈപ്പ്ലൈനുകൾ മാറ്റുക.
7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്ക് വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ചുവിടുകയും ചെയ്യുക.
8. ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കളങ്ങൾ എന്നിവ വൃത്തിയാക്കുകയും കഴൽ കിണറുകൾ ഫ്ലഷ് ചെയ്യുകയും ചെയ്യുക.
9. വാൽവുകൾ നിയന്ത്രിച്ചും പമ്പിംഗ് സമയം ക്രമീകരിച്ചും നിശ്ചിത സമയം കുടിവെള്ളം നൽകുക മുതലായവ.

സംസ്ഥാനത്ത് വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നതിന് ഹാൻഡ് പമ്പുകൾ റിപ്പയർ ചെയ്യുന്നതിനും പുതിയ കഴൽകിണറുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ നവീകരിക്കുന്നതിനും ഭൂജലവകുപ്പ് ഉദ്ദേശിക്കുന്നു.

വരൾച്ച നേരിടുന്നതിനായി മണൽചാക്കിട്ട് വെള്ളം ഒഴുകിപ്പോകാതെ താല്ക്കാലിക തടയണ കെട്ടുക, കളങ്ങൾ മുതലായവയുടെ പുനരുദ്ധാരണം നടത്തുക, കനാലുകളിൽ അടിഞ്ഞിട്ടുള്ള ചെളി നീക്കം ചെയ്യുക, കനാലുകൾ നവീകരിക്കുക, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുക, ഉപ്പുവെള്ളം കയറുന്നത് തടയാൻ താല്ക്കാലിക ബണ്ടുകൾ ഇടുക എന്നീ ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്ക്ഡാം നിർമ്മാണവുമാണ് ജലസേചന വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം കേരള വാട്ടർ അതോറിറ്റിയുടെ ഗുണനിലവാര പരിശോധനശാലയിൽ പരിശോധിച്ച് അണുവിമുക്തമാണെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രമേ വിതരണം ചെയ്യുന്നുള്ളൂ.

(ബി) നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ജില്ലാ തലത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം ധനലഭ്യതയനുസരിച്ച് പരിശോധിക്കുന്നതാണ്.

തലയാഴം, വെച്ചൂർ മുതലായ പഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ

211 (903) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലയാഴം, വെച്ചൂർ, മറവൻതുരുത്ത്, ചെമ്പ് മുതലായ പഞ്ചായത്തുകളിൽ ജലവിതരണ പൈപ്പുകളും ടാങ്കുകളും സ്ഥാപിക്കുന്ന ജോലി ഏതുഘട്ടംവരെ എത്തിയെന്നും ജോലിയുടെ എത്ര ശതമാനം ഇതുവരെ പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) പുതിയതായി സ്ഥാപിച്ച പൈപ്പുകളിലൂടെ ജലവിതരണം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) വരൾച്ചാക്കാലത്ത് അടിയന്തരമായി ജോലികൾ പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) തലയാഴം പഞ്ചായത്തിൽ 6 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണിയുടെ നിർമ്മാണ പ്രവൃത്തിയിൽ 70% പൂർത്തികരിച്ചിട്ടുണ്ട്. 85.763 കിലോമീറ്റർ ദൈർഘ്യമുള്ള ജലവിതരണ ശൃംഖലയുടെ പ്രവൃത്തി 95% പൂർത്തീകരിച്ചിട്ടുണ്ട്.

വെച്ചൂർ പഞ്ചായത്തിൽ വേരുവള്ളിയിൽ 4.90 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണിയുടെ നിർമ്മാണ പ്രവൃത്തിയിൽ ചില ഫിനിഷിംഗ് ജോലികൾ ഒഴികെ 98% ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്. 70838 മീറ്റർ ദൈർഘ്യമുള്ള ജലവിതരണ ശൃംഖലയുടെ 90% ജോലികളും പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly